**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*87.** **14.01.2021 ൽ മറുപടിയ്ക്ക്**

**മദ്യലഭ്യത കുറയ്ക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുവാൻ സഹായകരമായ നയമാണോ സർക്കാർ സ്വീകരിച്ചു വരുന്നത്; | (എ) | ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച്, മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്ന മദ്യനയമാണ് ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. മദ്യത്തിന്റെ ലഭ്യത ഇല്ലാതാകുമ്പോൾ, മദ്യാസക്തി ഉള്ളവരും, മദ്യഉപഭോക്താക്കളും അനധികൃത മദ്യ/ലഹരി ഉപഭോഗത്തിലേയ്ക്ക് തിരിയാനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ, മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. |
| (ബി) | കൂടുതൽ മദ്യഷാപ്പുകളും ബാറുകളും അനുവദിച്ചും അവയുടെ പ്രവർത്തന സമയം വർദ്ധിപ്പിച്ചും ഈ നയം നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; | (ബി) | മദ്യത്തിന്റെ ലഭ്യത ഇല്ലാതാക്കിയതുകൊണ്ട് മാത്രം ഉപഭോഗം കുറയില്ല എന്നതിനാൽ, അനധികൃത മദ്യ/മയക്കുമരുന്നിന്റെ ലഭ്യത പരമാവധി കുറച്ച് നിലവിലെ അബ്കാരി നിയമത്തിനും വിദേശമദ്യ ചട്ടങ്ങൾക്കും അനുസൃതമായി യോഗ്യത ഉള്ളവർക്ക് |

| | | | |
|---|---|---|---|
| | | | മാത്രമാണ് ബാർ ലൈസൻസ് അനുവദിക്കുന്നത്. ബാറുകളുടെ പ്രവർത്തന സമയം 12 മണിക്കൂറായി നിജപ്പെടുത്തിയും, മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 21 വയസ്സിൽ നിന്നും 23 വയസ്സായി ഉയർത്തിയും, 23 വയസ്സിന് താഴെ പ്രായമുള്ള-വർക്ക് മദ്യം വിൽക്കുന്നത് കുറ്റകരമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയതായി വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ തുറക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യം പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനം പൂർണ്ണമായും തടയുവാനും അതിനൊപ്പം മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതുമായ മദ്യനയമാണ് ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**